പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 3987

31.01.2014 ൽ
മറുപടിയ്ക്ക്

ടെക്നോപാർക്കിൽ സംസ്ഥാനസർക്കാരിന്റെ കമ്പനികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) സർക്കാർ നിയന്ത്രണത്തിലുള്ള ടെക്നോപാർക്കുകളിൽ സംസ്ഥാന സർക്കാരിന്റേതായ എത്ര കമ്പനികൾ നിലവിലുണ്ടെന്ന് അതിന്റെ പ്രവർത്തനമേഖലയുടെ വിശദാംശം സഹിതം ലഭ്യമാക്കുമോ; | എ) കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള CDAC, സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള KSITIL, ICT Academy, Indian Institute of Information Technology and Management-Kerala (IIITM-K) എന്നീ കമ്പനികളും NRHM, State Data Centre എന്നീ സ്ഥാപനങ്ങളും തിരുവനന്തപുരം ടെക്നോപാർക്കിൽ പ്രവർത്തിക്കുന്നു.<br><br>കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രസ്ട്രക്ചർ ലിമിറ്റഡ് KSITIL<br>സംസ്ഥാന ഐ. ടി. വികസനത്തിനായി വിവരസാങ്കേതിക വിദ്യകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഐ.ടി. പാർക്കുകൾ തുടങ്ങുക, ഐ.ടി. അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുക തുടങ്ങിയവയാണ് ഇതിന്റെ പ്രവർത്തനം.<br><br>ഐ.സി.ടി. അക്കാദമി<br>അദ്ധ്യാപകർക്കും അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്കും സാങ്കേതികവിദ്യ-വിനിമയ മേഖലയിൽ മികച്ച പരിശീലനം നൽകി അവരെ ഐ.ടി. മേഖലയിലുള്ള തൊഴിലവസരങ്ങൾക്ക് പ്രാപ്തരാക്കുക എന്നതാണ് ഐ.സി.ടി. അക്കാദമിയുടെ ലക്ഷ്യം.<br><br>Indian Institute of Information Technology and Management-Kerala (IIITM-K)<br>Information Technology Management രംഗത്ത് പരിശീലനം നൽകുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ സ്ഥാപിച്ച ഒരു കമ്പനിയാണിത്.<br><br>NRHM (നാഷണൽ റൂറൽ ഹെൽത്ത് മിഷൻ)<br>ഗ്രാമീണ മേഖലകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്ര ആരോഗ്യ പദ്ധതിയ്ക്കാവശ്യമായ ഐ.ടി. അധിഷ്ഠിത പ്രവർത്തനങ്ങൾ, 108 ആംബുലൻസ് സർവ്വീസസ്സ് തുടങ്ങിയവ. |

State Data Centre
സംസ്ഥാനത്ത് ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിനായുള്ള ഒരു കോർ ഇൻഫ്രാസ്ട്രക്ച്ചറായി കേരള ഐ.ടി. മിഷന്റെ കീഴിലുള്ള സ്റ്റേറ്റ് ഡേറ്റ സെന്റർ പ്രവർത്തിക്കുന്നു.

| | |
|---|---|
| ബി) ടെക്നോപാർക്കുകളിൽ സംസ്ഥാന സർക്കാരിന്റേതായ കമ്പനികൾ നിലവിൽ പരിമിതമാകുന്നത് സംബന്ധിച്ച് സർക്കാർ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ; | (ബി), (സി), (ഡി), (ഇ)<br><br>സംസ്ഥാനത്ത് ഐ.ടി. കമ്പനികൾക്ക് അടിസ്ഥാന സൗകര്യങ്ങളും ഐ.ടി. വ്യവസായത്തിനായുള്ള മറ്റ് സഹായങ്ങളും നൽകുവാനായി ഐ.ടി. വ്യവസായം ആരംഭിക്കുന്നതിന് വേണ്ടിയാണ് സംസ്ഥാന സർക്കാർ ടെക്നോപാർക്ക് ഒരു സ്വയം ഭരണ സ്ഥാപനമായി സ്ഥാപിച്ചത്. ടെക്നോപാർക്കിലെ ഐ.ടി. കമ്പനികൾക്ക് ഓഫീസ് അടക്കമുള്ള അടിസ്ഥാന സൗകര്യമാണ് ഒരുക്കിക്കൊടുക്കുന്നത്. അവിടെ സർക്കാർ നിയന്ത്രണത്തിലുള്ള ഐ.ടി. കമ്പനികൾക്കും സ്വകാര്യ മേഖലയിലുള്ള ഐ.ടി. കമ്പനികൾക്ക് അതാത് ബോർഡുകൾ നിശ്ചയിച്ചിട്ടുള്ള നിരക്കിലും വാടകയ്ക്കെടുത്ത് പ്രവർത്തിക്കാവുന്നതാണ്. അതിനാൽ ഇക്കാര്യം വിലയിരുത്തേണ്ടതായി വന്നിട്ടില്ല. |
| സി) ഇത്തരം വിലയിരുത്തൽ നടത്തിയിട്ടില്ലായെങ്കിൽ അനുബന്ധ വിഷയത്തിന്മേൽ സമയ ബന്ധിതമായ ഒരു വിലയിരുത്തൽ നടത്തുന്നതിന് തയ്യാറാകുമോ; | |
| ഡി) ഭാവിയിൽ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഐ.ടി. കമ്പനികളുടെ പ്രവർത്തനം ടെക്നോപാർക്കുകളിൽ സജീവമാക്കുന്നതിന് വേണ്ടി ഈ സർക്കാർ എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; | |
| ഇ) ഇല്ലെങ്കിൽ അത്തരം പദ്ധതികൾ സമയബന്ധിതമായി ആവിഷ്കരിക്കുന്നതിന് നടപടി കൈക്കൊള്ളുമോ? | |

സെക്ഷൻ ഓഫീസർ